Talented Bankers Literary Panel
പുസ്തക പരിചയം 273.

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജോഫി ജോൺ,
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

പേരില്ലാത്തവർ
ശിൽപ വസന്ത ശശി

ശിൽപ വസന്ത ശശി അല്ല,
കച്ചിലെ നമ്മുടെ കൊച്ചിന്റെ
ആദ്യത്തെ ബുക്ക്.

26 അനുഭവക്കുറിപ്പുകൾ അടങ്ങുന്ന ഈ പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ ഞാനും ആലോചിച്ചത് എന്റെ പേരാണ്. നമ്മൾ പലരുടെയും അനുഭവങ്ങൾ പേരില്ലാത്തവരുടെ കഥകളായി എത്രയോ കേട്ടിരിക്കുന്നു ....എന്നാൽ ഈ കഥകൾ എല്ലാം എഴുത്തുകാരിയുടെ മനസ്സിൽ തട്ടി, അതേ അനുഭവത്തിലൂടെ വായനക്കാരനെ ഒരിക്കൽ കൂടി നടത്തുകയാണ് . കേരളത്തിൽ ജനിച്ചത് കൊണ്ട് മാത്രം നമ്മൾ കാണാത്ത, കേൾക്കാത്ത, അറിയാത്ത ആൾക്കാരുടെ ജീവിതത്തിന്റെ നേർകാഴ്ച്ചകൾ ഒട്ടും അതിശയോക്തി ഇല്ലാതെ അവതരിപ്പിച്ചിരിക്കുന്നു ...

ഓരോ അനുഭവകുറിപ്പും വായിക്കുമ്പോൾ ചിലപ്പോൾ നമ്മൾ തീയിലൂടെ നന്നു പോകുന്നതുപോലെ തോന്നും. ചിലപ്പോൾ ഉള്ളിൽ ചെറിയ പൊള്ളൽ ഏൽക്കും. അടുത്ത അനുഭവത്തിലേക്കു കൂട്ടി കൊണ്ട് പോയി ചിരിപ്പിക്കും. പിന്നെ ആഴത്തിൽ ചിന്തിപ്പിക്കും. ഒടുവിൽ നമ്മൾ പേരില്ലാത്തവരെ നമ്മുടെ ഹൃദയത്തിൽ ചേർത്ത് വെയ്ക്കും.

എഴുത്തുകാരി ശില്പയുടെ അനുഭവക്കുറിപ്പുകൾ ഒരു തോണിയിൽ വായനക്കാരനെ കയറ്റി യാത്രതുടങ്ങും. പിന്നെ യാത്ര അവസാനിക്കുന്നതുവരെ നമ്മൾ അവരുടെ അക്ഷരങ്ങുളടെ മായാലോകത്താണ്. ഒരിക്കലും ആദ്യത്തെ പുസ്തകം ആണെന്ന് തോന്നാത്ത വിധമുള്ള ഒഴുക്കും ഭാഷാശൈലിയും...

പ്രിയപ്പെട്ട എഴുത്തുകാരിക്ക് എല്ലാവിധ ആശംസകളും നേരുന്നു ...ഇനിയും കൂടുതൽ പുസ്തകങ്ങൾ വായനക്കാരന് പുതു അനുഭവങ്ങളായി ആ തൂലികയിൽ നിന്നും ചിറകുകൾ വിടർത്തി ഉയരട്ടെ എന്ന് ആശംസിക്കുന്നു .

പ്രസാധകർ :മഞ്ജരി ബുക്ക്സ്
വില Rs.170/-